## ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടറുടെ (അഡ്മിനിസ്ട്രേഷൻ & ട്രെയിനിംഗ്) നടപടിക്രമം

വിഷയം:-ആരോഗ്യവകുപ്പ്-സേവനകാര്യം- 01/01/2009 മുതൽ 31/12/2013 വരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന-ഈ ഓഫീസ് സർക്കുലർ നം. ഇ.എസ്3-59191/2014/അ.വ.ഡ തീയതി 14/08/2014

### ഉത്തരവ് നം. ഇ.എസ്3- 59191/2014/അ.വ.ഡ തീയതി 16/09/2015

01/01/2009 മുതൽ 31/12/2013 വരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി സൂചന കത്തു മുഖേന വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും പ്രസ്തുത ജീവനക്കാരുടെ സേവന വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അപ്രകാരം വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ലഭിച്ച സേവന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 01/01/2009 മുതൽ 31/12/2013 വരെ സർവ്വീസിൽ പ്രവേശിച്ച ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി പട്ടിക തയ്യാറാക്കി ഇതോടൊപ്പം അനുബന്ധം-എ ആയി പ്രസിദ്ധീകരിക്കുന്നു.

സീനിയോറിറ്റി നിർണ്ണയം സംബന്ധിച്ച കേരള സർവ്വീസ് ചട്ടങ്ങളിലെയും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം പി.എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് പി.എസ്.സി. നിയമനശുപാർശ തീയതിയുടെ അടിസ്ഥാനത്തിലും, ആശ്രിതനിയമനം/മറ്റു നിയമനം മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ തീയതിയുടെ അടിസ്ഥാനത്തിലും, ഒരു ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശേഷം മറ്റൊരു ജില്ലയിൽ പി.എസ്.സി മുഖാന്തിരം ജോലിയിൽ പ്രവേശിച്ചവർക്ക് രണ്ടാം പി.എസ്.സി. നിയമനശുപാർശ തീയതിയുടെ അടിസ്ഥാനത്തിലും, ജോലിയിൽ പ്രവേശിക്കുവാൻ നിയമന ഉത്തരവ് തീയതി മുതൽ 90 ദിവസത്തിലധികം സമയദൈർഘ്യം എടുത്തിട്ടുള്ളവർക്ക്

ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലും, നിയമന തസ്തികയിൽ അന്തർജില്ലാ സ്ഥലം മാറ്റം നേടിയിട്ടുള്ളവർക്ക് പുതിയ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിലും, പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കും മുൻപ് കെ.എസ്. ആർ അനുബന്ധം 12-എ, 12-ബി, 12-സി എന്നിവ പ്രകാരം ദീർഘകാല അവധിയിൽ പ്രവേശിച്ചവരെ അവധിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ പുതുതായി സേവനത്തിൽ പ്രവേശിച്ചവരായി കണക്കാക്കിക്കൊണ്ടുമാണ് സീനിയോറിട്ടി സ്ഥാനനിർണ്ണയം നടത്തിയിട്ടുള്ളത്.

കരട് സീനിയോറിട്ടി പട്ടികയിലെ സ്ഥാനനിർണ്ണയം സംബന്ധിച്ചോ, സീനിയോറിട്ടി പട്ടികയിൽ വിവരിച്ചിട്ടുള്ള സേവനവിവരങ്ങളിൽ എന്തെങ്കിലും അപാകത സംബന്ധിച്ചോ, സീനിയോറിട്ടി പട്ടികയിൽ പേര് ഉൾപ്പെടാത്തത് സംബന്ധിച്ചോ ബന്ധപ്പെട്ട ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇതോടൊപ്പം അനുബന്ധം-ബി ആയി ഉൾക്കൊള്ളിച്ചിട്ടുള്ള പ്രൊഫോർമയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്രകാരമുള്ള അപ്പീലുകൾ ഉചിതമാർഗ്ഗേണ 31/10/2015-നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ.ജയശങ്കർ.എസ്**
**ആരോഗ്യവകുപ്പ് ഡയറക്ടർ**
**(i/c)അഡിഷണൽ ഡയറക്ടർ (A &T)**

സ്വീകർത്താക്കൾ-ബന്ധപ്പെട്ട ജീവനക്കാർ (ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്- 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ്സൈറ്റ് മുഖാന്തിരം)
2) ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് www.dhs.kerala.gov.in
3) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സൂപ്രണ്ട്